**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2211** **12-12-2022 - ൽ മറുപടിയ്ക്ക്**

**വികസനമുന്നേറ്റം - ഐ.ടി. മേഖലയിലെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ.കെ.ടി.ജലീൽ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ഡോ സുജിത് വിജയൻപിള്ള** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്തിന്റെ വികസനമുന്നേറ്റത്തിന് ഗതിവേഗം കൂട്ടുന്ന പദ്ധതികൾ ഐ.ടി. മേഖലയിൽ പൂർത്തീകരിക്കുന്നതിലുണ്ടായിട്ടുള്ള പുരോഗതി വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം, ഐ.ടി അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനു വേണ്ടി മികച്ച മാർക്കെറ്റിംഗ് സംവിധാനങ്ങളിലൂടെ ദേശീയ-അന്തർദേശീയ കമ്പനികൾക്ക് ഐ.ടി സംരംഭങ്ങളിൽ നിക്ഷേപം നടത്തുന്നതിനു വേണ്ടി SEZ/NON SEZ മേഖലകളിൽ ഭൂമി, കെട്ടിടങ്ങൾ, സ്മാർട്ട് ബിസിനസ്സ് ഓഫീസുകൾ, കോവർക്കിംഗ് സ്പെയിസുകൾ, ജലം, വൈദ്യുതി, വാർത്താ-വിനിമയ സംവിധാനങ്ങൾ, അപ്രോച്ച് റോഡുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും മറ്റ് അനുബന്ധ സൗകര്യങ്ങളും സർക്കാർ ഐ.ടി പാർക്കുകളിൽ ഒരുക്കിവരുന്നു. കൂടാതെ 2022-23 ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ ഭാഗമായി 5G ലീഡർഷിപ്പ് പാക്കേജുകൾ ഉൾപ്പെടുത്തി NH-66 നു സമാന്തരമായി തിരുവനന്തപുരം മുതൽ കണ്ണൂർ വരെ 20-തോളം ചെറുകിട ഐ.ടി പാർക്കുകൾ ഉൾപ്പെടുന്ന ഐ.ടി ഇടനാഴികൾ സ്ഥാപിക്കാൻ വേണ്ടുന്ന നടപടികൾ നടന്നുവരുന്നു. ഇതിനു പുറമേ കേരളത്തിലെ അഭ്യസ്ഥവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് സർക്കാർ ധനസഹായത്തോടെ ഐ.ടി കമ്പനികളിൽ ഇന്റേൺഷിപ്പ് പദ്ധതി "ഇഗ്നൈറ്റ്" എന്ന പേരിൽ ധ്രുതഗതിയിൽ നടന്നുവരുന്നു. കൂടാതെ സംസ്ഥാനത്ത് ഐ.ടി വ്യവസായം ആരംഭിക്കുന്ന സംരംഭകർക്കും, ഈ മേഖലയിൽ തൊഴിൽ അന്വേഷിക്കുന്നവർക്കും ഇപ്പോൾ തൊഴിൽ ചെയ്യുന്നവർക്കും ഒരു പോലെ പ്രയോജനപ്പെടുന്ന രീതിയിൽ ഫ്യൂച്ചർ ടെക്നോളജിയിൽ മികവിന്റെ കേന്ദ്രങ്ങൾ (Centre of Excellence) ആരംഭിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഐ.ടി. മേഖലയിലെ പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായുണ്ടായ നേട്ടങ്ങൾ ഈ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | കഴിഞ്ഞ സർക്കാരിന്റെ പ്രവർത്തന ഫലമായി ഐ ടി മേഖലയിൽ കൈവരിക്കാൻ കഴിഞ്ഞിട്ടുള്ള നേട്ടങ്ങൾ ഈ സർക്കാർ വിലയിരുത്തിയിട്ടുണ്ട് . അതിന്റെ ഭാഗമായി ഐ ടി രംഗത്ത് കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ പുതുതായി ഒരുക്കുവാനും പ്രമുഖ ഐ ടി കമ്പനികൾ ഉൾപ്പെടെയുള്ള ഉപസംരംഭകരെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിനും അതിലൂടെ കൂടുതൽ ഐ ടി അധിഷ്ഠിത തൊഴിൽ ലഭ്യമാക്കുന്നതിനും ഈ സർക്കാർ സ്വീകരിച്ച നടപടികൾ സഹായകരമായിട്ടുണ്ട്. മുൻ സർക്കാരിന്റെ കാലത്തുണ്ടായിരുന്ന ഐ ടി അടിസ്ഥാന സൗകര്യങ്ങൾ 200.88 ലക്ഷം ച. അടിയിൽ നിന്നും 201.50 ലക്ഷം ച. അടിയായും കമ്പനികൾ 923 ൽ നിന്നും 1099 ആയും വർദ്ധിച്ചിട്ടുണ്ട്. ഇതിലൂടെ 114700 ആയിരുന്ന തൊഴിലവസരങ്ങൾ 135200 ആയി ഉയർത്തുവാൻ കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്ത് ഈ മേഖലയിൽ നല്ല രീതിയിലുള്ള പുരോഗതി കൈവരിക്കാനും സർക്കാർ ശ്രമിച്ചു വരുന്നു. |
| (സി) | ദേശീയപാത 66 -ന് സമാന്തരമായി നാല് ഐ.ടി. ഇടനാഴികൾ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | 2022-23 ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ ഭാഗമായി 5G ലീഡർഷിപ്പ് പാക്കേജുകൾ ഉൾപ്പെടുത്തി ദേശീയപാത -66 നു സമാന്തരമായി തിരുവനന്തപുരം മുതൽ കണ്ണൂർ വരെ 20-തോളം സാറ്റലൈറ്റ് ഐ.ടി പാർക്കുകൾ ഉൾപ്പെടുന്ന 4 ഐ.ടി ഇടനാഴികൾ സ്ഥാപിക്കാൻ വേണ്ടുന്ന നടപടികൾ നടന്നുവരുന്നു. പ്രസ്തുത പദ്ധതിയ്ക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട് .<br><br>ടെക്നോപാർക്ക് മൂന്നാം ഘട്ടത്തിൽ നിന്ന് കൊല്ലത്തേയ്ക്ക്, എറണാകുളത്തു നിന്ന് കൊരട്ടിയിലേക്ക്, എറണാകുളത്തു നിന്ന് ചേർത്തലയിലേക്ക്, കോഴിക്കോട് നിന്ന് കണ്ണൂരിലേക്ക് എന്നിവയാണ് നിർദ്ദിഷ്ട ഇടനാഴികൾ.കണ്ണൂരിൽ പുതിയ ഐ.ടി. പാർക്ക് ആരംഭിക്കുക,ഐ.ടി. കോറിഡോർ വിപുലീകരണത്തിന് കൊല്ലത്ത് അഞ്ച് ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഐ. ടി. സൗകര്യം നിർമ്മിക്കുക,ടെക്നോപാർക്ക് ഫേസ് III എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ നിന്ന് ആരംഭിച്ച് NH 66- ൽ നിന്ന് സുഗമമായി എത്തിച്ചേരാവുന്ന നിർദ്ദിഷ്ട ഇടനാഴികൾ ഉൾപെടുന്ന സ്ഥലങ്ങളിൽ 14 -25 ഏക്കർ ഭൂമി വിലയ്ക്ക് വാങ്ങി സാറ്റ്ലൈറ്റ് ഐ.ടി. പാർക്കുകൾ സ്ഥാപിക്കുക എന്നിവ സർക്കാർ ലക്ഷ്യം വയ്ക്കുന്നു.കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് ഈ പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി നിയോഗിക്കപെടുകയും |

| | | | |
|---|---|---|---|
| | | | ഐ.ടി. ഇടനാഴികകൾ സ്ഥാപിക്കുന്നതിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള റിക്വിസിഷനിംഗ് അതോറിറ്റി ആയി, കെ.എസ്.ഐ.ടിഐ.എൽ മാനേജിംഗ് ഡയറക്ടറെ നിയമിക്കുകയും ചെയ്യുകയുണ്ടായി. ഐ.ടി ഇടനാഴികൾ സ്ഥാപിക്കുന്നതിനായി കെ.എസ്. ഐ.ടി.ഐ.എൽ കണ്ടെത്തിയിട്ടുള്ള സ്ഥലങ്ങളിൽ നിന്ന് പാർക്കിന് അനുയോജ്യമായ സ്ഥലങ്ങൾ തിരഞ്ഞെടുക്കുന്നതിനായി ഐ.ടി പാർക്കിന്റേയും കെ.എസ്.ഐ.ടി.ഐ.എൽ ന്റേയും പ്രതിനിധികൾ ഉൾപ്പെടുന്ന ഒരു സമിതിയും രൂപീകരിച്ചിട്ടുണ്ട്. ആയതിന്റെ നടപടിക്രമങ്ങൾ നടന്നു വരുന്നു. |
| (ഡി) | സാറ്റലൈറ്റ് ഐ.ടി. പാർക്കുകൾ ആരംഭിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി പൂർത്തിയായിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | 2022-23 ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ ഭാഗമായി 5G ലീഡർഷിപ്പ് പാക്കേജുകൾ ഉൾപ്പെടുത്തി ദേശീയപാത -66 നു സമാന്തരമായി തിരുവനന്തപുരം മുതൽ കണ്ണൂർ വരെ 20-തോളം സാറ്റലൈറ്റ് ഐ.ടി പാർക്കുകൾ ഉൾപ്പെടുന്ന 4 ഐ.ടി ഇടനാഴികൾ സ്ഥാപിക്കാൻ വേണ്ടുന്ന നടപടികൾ നടന്നുവരുന്നു. പ്രസ്തുത പദ്ധതിയ്ക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട് .<br><br>ടെക്നോപാർക്ക് മൂന്നാം ഘട്ടത്തിൽ നിന്ന് കൊല്ലത്തേയ്ക്ക്, എറണാകുളത്തു നിന്ന് കൊരട്ടിയിലേക്ക്, എറണാകുളത്തു നിന്ന് ചേർത്തലയിലേക്ക്, കോഴിക്കോട് നിന്ന് കണ്ണൂരിലേക്ക് എന്നിവയാണ് നിർദ്ദിഷ്ട ഇടനാഴികൾ.കണ്ണൂരിൽ പുതിയ ഐ.ടി. പാർക്ക് ആരംഭിക്കുക,ഐ.ടി. കോറിഡോർ വിപുലീകരണത്തിന് കൊല്ലത്ത് അഞ്ച് ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഐ. ടി. സൗകര്യം നിർമ്മിക്കുക,ടെക്നോപാർക്ക് ഫേസ് III എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ നിന്ന് ആരംഭിച്ച് NH 66- ൽ നിന്ന് സുഗമമായി എത്തിച്ചേരാവുന്ന നിർദ്ദിഷ്ട ഇടനാഴികൾ ഉൾപ്പെടുന്ന സ്ഥലങ്ങളിൽ 14 -25 ഏക്കർ ഭൂമി വിലയ്ക്ക് വാങ്ങി സാറ്റ്ലൈറ്റ് ഐ.ടി. പാർക്കുകൾ സ്ഥാപിക്കുക എന്നിവ സർക്കാർ ലക്ഷ്യം വയ്ക്കുന്നു.<br><br>കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് ഈ പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ്സ് വെഹിക്കിൾ (SPV) ആയി നിയോഗിക്കപെടുകയും ഐ.ടി. ഇടനാഴികകൾ സ്ഥാപിക്കുന്നതിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള റിക്വിസിഷനിംഗ് അതോറിറ്റി ആയി, കെ.എസ്.ഐ.ടിഐ.എൽ മാനേജിംഗ് ഡയറക്ടറെ നിയമിക്കുകയും ചെയ്യുകയുണ്ടായി. |

| | | | |
|---|---|---|---|
| | | | ഐ.ടി ഇടനാഴികൾ സ്ഥാപിക്കുന്നതിനായി കെ.എസ്. ഐ.ടി.ഐ.എൽ കണ്ടെത്തിയിട്ടുള്ള സ്ഥലങ്ങളിൽ നിന്ന് പാർക്കിന് അനുയോജ്യമായ സ്ഥലങ്ങൾ തിരഞ്ഞെടുക്കുന്നതിനായി ഐ.ടി പാർക്കിന്റേയും കെ.എസ്.ഐ.ടി.ഐ.എൽ ന്റേയും പ്രതിനിധികൾ ഉൾപ്പെടുന്ന ഒരു സമിതിയും രൂപീകരിച്ചിട്ടുണ്ട്. ആയതിന്റെ നടപടിക്രമങ്ങൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ